# ‘ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ’

## മർക്കൊസ് 10:13–15

“അവൻ തൊടേണ്ടതിന്നു ചിലർ ശിശുക്കളെ അവന്റെ അടുക്കൽ കൊണ്ടുവന്നു; ശിഷ്യന്മാരോ അവരെ ശാസിച്ചു. യേശു അതു കണ്ടാറെ മുഷിഞ്ഞു അവരോടു: ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുതു; ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ. ദൈവരാജ്യത്തെ ശിശു എന്നപോലെ കൈക്കൊള്ളാത്തവൻ ആരും ഒരുനാളും അതിൽ കടക്കുകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു”

ഒരിക്കലെങ്കിലും സൺഡേ സ്കൂളിലോ അല്ലെങ്കിൽ അവധിക്കാലത്ത് ബൈബിൾ സ്കൂളിൽ, പഠിപ്പിക്കുകയോ അതിന്നു സഹായിക്കുകയോ ചെയ്തിട്ടുള്ളവരായിരിക്കും നമ്മളിലോരോരുത്തരും. അത് ചെയ്യുന്നതിന്റെ മഹത്വത്തെക്കുറിച്ച് വർണ്ണിക്കുന്ന ഒരു വേദഭാഗമാണിത്, അതും നമ്മുടെ കർത്താവായ ക്രിസ്തുവിന്റെ വായ്മൊഴിയായ് നമുക്ക് വായിക്കാൻ സാധിച്ചു. കുട്ടികളുടെ മനസ്സെന്നു പറയുന്നത് അവർ കാണുകയും കേൾക്കുകയും ചെയ്യുന്നതൊക്കെയും അതേപോലെ സ്വീകരിക്കാൻ തയ്യാറായ ഒന്നായിരിക്കും. അത് നമ്മെപ്പോലെ കാഠിന്യമുള്ളതോ അല്ലെങ്കിൽ ക്ഷീണിച്ചു തളർന്നതോ ഒന്നുമായിരിക്കില്ല. അവരുടെ മനസ്സെന്നു പറയുന്നത് കർത്താവിന്റെ വചനങ്ങളെ അതേപടി ഉൾക്കൊള്ളാൻ പാകത്തിലുള്ള വളരെ മൃദുവായ ഒന്നായിരിക്കും. നാം ചെയ്യേണ്ടതിത്രമാത്രം, കർത്താവിനെയും അവന്റെ വചനത്തെയും, നമ്മെക്കൊണ്ട് അവർക്ക് പറഞ്ഞും കാണിച്ചും കൊടുക്കാവുന്നതിന്റെ പരമാവധി മനസ്സിലാക്കിക്കൊടുക്കുക എന്നുള്ളതാണ്. അങ്ങനെ ചെയ്യുമ്പോൾ നമ്മുടെ കർത്താവ് അതിൽ സന്തുഷ്ടനാകുന്നു. കാരണം അവൻ പൈതങ്ങളെ വളരെ അധികം സ്നേഹിക്കുന്നു.

എന്നാൽ ഇന്നു അതിന്നു പകരം നാം എന്താണ് ചെയ്യുന്നത്? ഒന്നു നോക്കിയാൽ ഇന്നത്തെ തലമുറയെ കർത്തവിലേക്കും അവന്റെ വചനത്തിലേക്കും നയിക്കുന്നതിൽ ഒരുതരത്തിൽ നാം ഈ വചനഭാഗത്ത് കണ്ട കർത്താവിന്റെ ശിഷ്യന്മാരെക്കാൾ പിന്നിട്ടുനിൽക്കുന്നതായി കാണാം. ഇവിടെ വചനത്തിൽ നാം കാണുന്നത് പുരുഷാരത്തിന്റെ മദ്ധ്യത്തിൽ സംസാരിച്ചു കൊണ്ടിരുന്ന കർത്താവിന്റെ അടുക്കലേക്ക് അവന്റെ ഒരു കൈതൊടലിനായി അല്ലെങ്കിൽ അനുഗ്രഹം പ്രാപിക്കുന്നതിനായി പല മാതാപിതാക്കളും തങ്ങളുടെ കുട്ടികളെ അവിടേക്ക് കൊണ്ടുവരികയാണ്. എന്നാൽ ഇതുകണ്ട ശിഷ്യന്മാർ അവരെ അവിടേക്ക് കടന്നു വരുന്നതിൽ നിന്നും വിലക്കുന്നു. ഇതു

നമുക്ക് ഒരു നിഴലായി നിൽക്കുന്നു. കാരണം ഇന്നു നമുടെ വളർന്നു വരുന്ന തലമുറയെ കർത്താവിലേക്ക് അടുപ്പിക്കുന്നതിൽ നാം എത്രത്തോളാം പ്രയത്നിക്കുന്നുണ്ട്. പലപ്പോഴും അവർക്ക് കടന്നു പോകുന്നതിനുള്ള വഴി കൂടി കാണിച്ചു കൊടുക്കാൻ നാം മറന്നു പോകുന്നു അല്ലെങ്കിൽ അവരുടെ ജീവിതത്തിലെ പ്രാധാന്യതകളെ മനസ്സിലാക്കി അവരെ കർത്താവിലേക്ക് നയിക്കാൻ നാം പലപ്പോഴും പരാജയപ്പെട്ടു പോകുന്നു.

എന്നാൽ ഇവിടെ വചനഭാഗത്ത് പറയുന്നു ദൈവരാജ്യം ശിശുക്കളെ പ്പോലുള്ളവരുടേതല്ലോ. ദൈവരാജ്യത്തെ ശിശു എന്നപോലെ കൈക്കൊള്ളാത്തവൻ ആരും ഒരുനാളും അതിൽ കടക്കുകയില്ല. ഇതു നമുക്ക് ഒരു പാഠവും അതേസമയം ഒരു മുന്നറിയിപ്പുമായി നിലനിൽക്കുന്നു. ഒരു കുട്ടിക്ക് കർത്താവിനെ സ്വീകരിക്കുവാനും അവനെ ഉൾക്കൊള്ളാനും വളരെ എളുപ്പമാണ്, കാരണം അവന്റെ മനസ്സിൽ യാതൊരു ദുഷ്ടതയോ, ചതിയോ, വഞ്ചനയോ എന്നുവേണ്ട പാപത്തിന്റേതായ വിഷമുള്ളുകൾ തറക്കുവാനുള്ള അവസരങ്ങൾ കുറവാണ്. ആയത് പരിശുദ്ധാത്മാവിന്റെ വാസം എളുപ്പമാക്കുന്നു. എന്നാൽ മുതിർന്നവരായ നാം പാപപങ്കിലമായ നമ്മുടെ സ്വഭാവം/മനസ്സ് ശിശുക്കളുടേതിന്നു തുല്ല്യമായ നിർമ്മലതയും, വിനയവും, സ്നേഹവും എന്നുവേണ്ട ദൈവത്തിന്നു അനുയോജ്യമായ സ്വഭാവഗുണമുള്ളവരെപ്പോലെ ആയെങ്കിൽ മാത്രമേ പരിശുദ്ധാത്മാവിന്നു നമ്മുടെ ഉള്ളിൽ വസിക്കുവാനും നമുക്ക് ദൈവത്തിന്റെ ഹിതപ്രകാരമുള്ള ജീവിതം കാഴ്ചവെയ്ക്കാനും സാധിക്കുകയുള്ളൂ. ഒരിക്കൽ ഒരു സുവിശേഷകൻ ഇപ്രകാരം പറഞ്ഞിട്ടുണ്ട് 'കുട്ടികളെപ്പോലെയുള്ള വിശ്വാസം ഉണ്ടെങ്കിൽ മാത്രമേ നമുക്ക് ക്രിസ്തുവിന്റെ അടുക്കൽ എത്തുവാൻ പറ്റുകയുള്ളൂ.' കാരണം മേൽപ്പറഞ്ഞതുപോലെ, കുട്ടികൾ ഒരു കാര്യം അവരുടെ മനസ്സിലേക്ക് വന്നു കഴിഞ്ഞാൽ അത് അടിയുറച്ചു വിശ്വസിക്കുന്നവരാണ്.

ആയതിനാൽ കർത്താവിന്റെ വചനം ഇന്നു നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു കാര്യമുണ്ട്, നാം ശിശുക്കളെപ്പോലെ ആകുക അതോടൊപ്പം നമ്മുടെ തലമുറയെ അവനിലേക്കും അവന്റെ സത്യ വചനത്തിലേക്കും നയിക്കുക. അതിനായി ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ ഒരോരുത്തരെയും സഹായിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

**സദൃശ്യവാക്യങ്ങൾ 22:6**

ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല.

ബ്രദർ ബിനു ബേബി ആലപ്പുഴ 028